


# ഓശാന ഞായർ

**ഡീ. സുരേഷ് പട്ടേട്ട് MCBS**

മത്താ. 21: 1-17 (Vol. 9, Issue 51)

വലിയ നോമ്പാചരണത്തിന്റെ സമാപന ദിനങ്ങളും ഉയിർപ്പാഘോഷത്തോടെ പൂർത്തിയാകുന്ന പെസഹായുടെ മൂന്ന് ദിവസങ്ങളും ഉൾക്കൊള്ളുന്ന വിശുദ്ധവാരത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഓശാന ഞായറിന്റെ ഓർമ്മകൾ എന്നും മനസ്സിൽ പച്ചകെടാതെ കാത്തുസൂക്ഷിക്കുന്ന ഒന്നാണ്. വികാരിയച്ചനിൽ നിന്ന് കുരുത്തോലകൾ ആദ്യമേ സ്വന്തമാക്കണം. പോരാ, ഏറ്റവും നീളത്തിലുള്ളത് സ്വന്തമാക്കണം. സ്വന്തമാക്കിയ കുരുത്തോലയുടെ മുകൾവശം മടക്കി കുരിശുണ്ടാക്കി ഉയർത്തിപ്പിടിച്ചു വിശുദ്ധ കുർബാനയിൽ പങ്കെടുത്ത അനുഭവമൊന്നും ഒരിക്കലും നമുക്ക് മറക്കാൻ സാധിക്കില്ല.

ഓശാന ഞായർ കർത്താവ് ജറുസലെമിലേയ്ക്ക് രാജകീയമായി പ്രവേശിച്ചതിന്റെ ഓർമ്മത്തിരുനാളാണ്. കർത്താവും ശിഷ്യന്മാരും ജറുസലെമിനെ ലക്ഷ്യം വെച്ച് നീങ്ങുകയാണ്. ശിഷ്യന്മാർക്ക്, ജെറുസലെമിനെ സമീപിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നുള്ള തിരിച്ചറിവില്ല. എങ്കിലും ക്രിസ്തുവിന് വ്യക്തമായ ബോധ്യങ്ങളുണ്ട്. പ്രവചനങ്ങളെല്ലാം പൂർത്തീകരിച്ച് കഴുതപ്പുറത്ത് വിനയാന്വിതനായി എഴുന്നള്ളി വരുന്ന രാജാവിനുവേണ്ടി ജറുസലം തെരുവീഥികൾ അണിഞ്ഞൊരുങ്ങിയത് പോലെ വീണ്ടുമൊരു വലിയ ആഴ്ച്ചയിലൂടെ ഉത്ഥാന അനുഭവത്തിലൂടെ എന്റെ ജീവിതവഴികളിലൂടെ കടന്നുവരാൻ കാത്തുനിൽക്കുന്ന ക്രിസ്തുവിനെ സ്വജീവിതത്തിലേയ്ക്കും സ്വഭവനത്തിലേയ്ക്കും സ്വീകരിക്കാൻ നമുക്കും അണിഞ്ഞൊരുങ്ങി നിൽക്കാം.

ഇന്ത്യയിൽ തിരഞ്ഞെടുപ്പ് അടുത്തുവരുന്ന കാലമാണിത്. തിരഞ്ഞെടുപ്പുറാലികളും റോഡ്ഷോകളും കൺവെൻഷനുകളും എല്ലാം നമുക്കിപ്പോൾ സുപരിചിതവും നിത്യസംഭവങ്ങളുമാണ്. ഇവിടെ എതിരാളികളുടെ മേൽ വിജയം സ്വന്തമാക്കാൻ, സ്വന്തം ജനപിന്തുണ മറ്റുള്ളവരെ കാണിക്കാൻ വെമ്പൽകൊള്ളുന്ന നേതാക്കന്മാരുടെ ഇടയിൽ ജീവിക്കുന്ന നമ്മുടെ മുന്നിലേയ്ക്കാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ വിനയാന്വിതനായി കഴുതപ്പുറത്ത് കടന്നുവരുന്നത് അവിടുത്തേയ്ക്ക് കിട്ടിയ മഹത്വം വിലപേശി നേടിയതല്ല. മറിച്ച്, സ്വന്തം ജീവനാകുന്ന വില കൊടുത്ത് നേടിയതാണ്. തിന്മയുടെ മേൽ വിജയം നേടാൻ ഈശോ തന്റെ ജീവൻ തന്നെ ബലിയായി നൽകി.

മനുഷ്യൻ സ്വപ്നം കണ്ടത് ഭൗതിക സ്വാതന്ത്ര്യമായിരുന്നെങ്കിൽ ക്രിസ്തു സ്വപ്നം കണ്ടത് രാഷ്ട്രീയത്തെക്കാൾ ആത്മീയമായി രക്ഷ അനുഭവിച്ചറിയുന്ന സ്വാതന്ത്ര്യം ആയിരുന്നു. നാം രക്ഷ തേടുന്നത് ആരിലാണ്? സൃഷ്ടാവായ ദൈവത്തിലോ അതോ സൃഷ്ടികളായ ഭൗതികവസ്തുക്കളിലോ? നമ്മുടെ സ്വപ്നം എന്താണ്? ഭൗതികമായ സ്വാതന്ത്ര്യവും അഭിവൃദ്ധിയുമാണോ അതോ ആത്മീയമായ സ്വാതന്ത്ര്യവും അഭിവൃദ്ധിയുമോ?

ഓർക്കുക. ആത്മീയസ്വാതന്ത്ര്യമില്ലെങ്കിൽ ഭൗതിക സ്വാതന്ത്ര്യം കൊണ്ട് എന്ത് പ്രയോജനം? അതിനാൽ ഈ ഓശാന തിരുനാളിൽ നമ്മിലെ തിന്മയുടെ ശക്തിയെ കീഴടക്കി ആത്മീയസ്വാതന്ത്ര്യം നേടി വിശുദ്ധവാരത്തിലേയ്ക്ക് പ്രവേശിക്കാം. അപ്പോൾ തീർച്ചയായും ക്രിസ്തു നമ്മുടെ ജീവിതവഴികളിലൂടെ കടന്നുവരും. അനുഗ്രഹങ്ങൾ വർഷിക്കും. ആമ്മേൻ.